**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.യും നികുതിവരുമാനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതു മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ ഈ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല.<br>01.07.2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പ്രതിവർഷ ജി.എസ്.ടി. വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം പൂർണമായി സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017–18-ൽ 57.32 കോടി രൂപയും, 2018–19 ൽ 25.79 കോടി രൂപയും, 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.<br>സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | ജി.എസ്.ടി.യുടെ പൊതുചട്ടക്കൂടിൽ നിന്നുകൊണ്ട് സംസ്ഥാന ജി.എസ്.ടി.യുടെ നിരക്കുകളിൽ മാറ്റം വരുത്താനും സ്വന്തമായി നടപടി ക്രമങ്ങളിൽ ഭേദഗതി വരുത്താനും സംസ്ഥാനങ്ങൾക്ക് അവകാശം കൂടിയേ തീരൂ എന്ന ആവശ്യം കേരളം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. കേന്ദ്രവും സംസ്ഥാനങ്ങളും സമവായത്തിലൂടെ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ പിന്തുടരുന്ന ഒരു സംവിധാനമാണ് ജി.എസ്.ടി.-യിൽ നിലവിൽ ഉള്ളത്. |
| (ഡി) | ജി.എസ്.ടി. യിൽ ഇത്തരമൊരു പുനഃസംഘടന നടത്തുന്നതിന് ഇതുസംബന്ധിച്ച സുപ്രീംകോടതി | (ഡി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 |

| | | | |
|---|---|---|---|
| | വിധി സഹായകരമാകുമോ; വിശദമാക്കാമോ? | | കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം - 1</u>**

| **സാമ്പത്തിക വർഷം** | **വളർച്ച %** |
|---|---|
| 2017–18<br>(July to March 2018) | |
| *2018-19 | 27.55% |
| 2019-20 | -4.95% |
| 2020-21 | -3.97% |
| 2021-22 | 24.42% |

* 2017-18 (July to March 2018), 2018-19 (July to March 2019) താരതമ്യം ചെയ്യുമ്പോൾ

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 2

സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Financial year | Protected Revenue (cr) | Total collection (cr) | Compensation recevable (cr) | Compensation (Cess fund) (Cr) | Compensation ( Loan) (Cr) | Compensation (Total ) (Cr) | Balance (cr) |
|---|---|---|---|---|---|---|---|
| 2021-22 | 36936 | 24085.61 | 12850.39 | 4111.08 | 8739.31 | 12850.39 | **0** |
| 2022-23 (May 2022) | 7016 | 4610.78 | 2405.22 | 1581.92 | 0 | 1581.92 | **823.30** |

**സെക്ഷൻ ഓഫീസർ**